LIBRARY ARCHIVES Kerala Legislative Assembly

പൈതൃക ഉത്സവ പട്ടിക

67(572) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ഉത്സവങ്ങളുടെ പട്ടികയിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഏതൊക്കെ ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പൈതൃക ഉത്സവ പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(സി) കൂടുതൽ ക്ഷേത്രങ്ങൾ പൈതൃക ഉത്സവ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ - സി)വിവരം ശേഖരിച്ച് വരുന്നു

കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട്

68(573) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവൽക്കരണം നടപ്പിലാക്കുവാനായി കേന്ദ്ര കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് പ്ലാനിംഗ് അതോറിറ്റി സംസ്ഥാന സർക്കാരിന് 2020-21 കാലഘട്ടത്തിൽ തുക അനുവദിച്ചിട്ടുണ്ടോ?

അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലെ അംഗീകൃത ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻസ് പ്രകാരം പരിഹാരവനവൽക്കരണം, വന സംരക്ഷണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 15.78 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) കേരളത്തേക്കാൾ ചെറിയ സംസ്ഥാനങ്ങളായ ത്രിപുര, മിസോറാം, മണിപ്പൂർ, സിക്കിം എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയതിനേക്കാൾ കുറഞ്ഞ വിഹിതമാണോ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

1980-ലെ വനസംരക്ഷണ നിയമം അനുശാസിക്കുംപ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്കായി അനുവദിച്ചുനൽകുമ്പോൾ, യൂസർ ഏജൻസിയിൽ